# കേരള കാർഷിക സർവ്വകലാശാല
## ജില്ലാ കാർഷിക കാലാവസ്ഥ യുണിറ്റ്
## കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്

ഫോൺ: 0466 2212279 ഇമെയിൽ: kvkpalakkad@kau.in

# കാർഷിക കാലാവസ്ഥ ഉപദേശക ബുള്ളറ്റിൻ
## പാലക്കാട് ജില്ല

കേരള കാർഷിക സർവ്വകലാശാലയുടെയും ഇന്ത്യൻ കാലാവസ്ഥ വിഭാഗത്തിന്റെയും പാലക്കാട് ജില്ല കാർഷിക കാലാവസ്ഥ യൂണിറ്റിന്റെയും കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ്. 57/2020 (വ്യാഴാഴ്ച)** **തീയ്യതി:01.10.2020**

### അടുത്ത 5 ദിവസത്തെ കാലാവസ്ഥ പ്രവചനം

| കാലാവസ്ഥാ ഘടകങ്ങൾ | 02.10.2020 | 03.10.2020 | 04.10.2020 | 05.10.2020 | 06.10.2020 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ ) | 0.5 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (ºC) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (ºC) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 94 | 94 | 94 | 94 | 94 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 88 | 88 | 88 | 88 | 88 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/ മണിക്കൂർ) | 10 | 8 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 290 | 290 | 320 | 340 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 7 | 5 | 2 |

ജില്ലയിൽ വരും ദിവസങ്ങളിൽ മഴയ്ക്കുള്ള സാധ്യത കുറവായി കാണുന്നു. കൂടിയ താപനില 32 ºC വരെയും കുറഞ്ഞ താപനില 24 ºC വരെയും പ്രതീക്ഷിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**: മഴ കുറവുള്ള കൃഷിയിടങ്ങളിൽ പുതയിടൽ നടത്തി ജലസംരക്ഷണം ഉറപ്പു വരുത്തുക.

### കാർഷിക നിർദ്ദേശങ്ങൾ

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | തണ്ടുതുരപ്പൻ | നെല്ലിലെ തണ്ടുതുരപ്പനെ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഗ്രമ്മ ജാപോണിക്കത്തിന്റെ മുട്ടക്കാർഡുകൾ ഒരു ഏക്കറിന് 2cc എന്ന കണക്കിൽ ഞാറു പറിച്ചു നട്ടു ഒരാഴ്ചക്ക് ശേഷം സ്ഥാപിക്കുക. ശലഭത്തെ നെല്ചെടിയിൽ കണ്ടുതുടങ്ങിയാൽ കാർടാപ് ഹൈഡ്രോക്ലോറൈഡ് എന്ന തരി രൂപത്തിലുള്ള കീടനാശിനി ഒരു ഏക്കറിന് 5 കിലോ ഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| നെല്ല് | ഗാളീച്ച | നെൽപാടങ്ങളിൽ ഗാളീച്ചയുടെ ആക്രമണം കണ്ടുവരുന്നു. നടുനാമ്പ് വെള്ളി നിറത്തിലുള്ള കുഴൽ പോലെ രൂപപ്പെടുന്നതാണ് ഇതിന്റെ ലക്ഷണം. ആക്രമണം കണ്ടുവരുന്ന പാടങ്ങളിൽ ഫിപ്രോനിൽ 0.3G ഒരു ഏക്കറിന് 4 കിലോഗ്രാം എന്ന തോതിൽ ഇട്ടു കൊടുക്കുക. |
| വാഴ | മാണം അഴുകൽ | വാഴയിൽ മാണം അഴുകൽ രോഗം കണ്ടുവരുന്നുണ്ട്. പുറമെയുള്ള വാഴകൈകൾ കരിഞ്ഞുണങ്ങി പോകുന്നതാണ് ഇതിന്റെ പ്രധാന ലക്ഷണം. ഈ രോഗലക്ഷണം ശ്രദ്ധയിൽപ്പെട്ടാൽ 3 ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി വാഴച്ചുവട്ടിൽ ഒഴിച്ച് കൊടുക്കുക. |
| മുളക് | വെള്ളീച്ച | മുളകിൽ വെള്ളീച്ചകളുടെ ആക്രമണം കണ്ടു വരുന്നുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി തോട്ടങ്ങളിൽ മഞ്ഞക്കെണികൾ സ്ഥാപിക്കുക. ആഴ്ചയിൽ ഒരിക്കൽ 2 % വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം ലക്കാനിസീലിയം ലക്കാനി എന്ന മിത്ര കുമിൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| പച്ചക്കറികൾ | കുരുടിപ്പ് രോഗം | പച്ചക്കറികളെ ബാധിക്കുന്ന കുരുടിപ്പ് രോഗം തടയുന്നതിനായി 10 ദിവസം കൂടുമ്പോൾ അസാഡിറാക്റ്റിൻ അടങ്ങിയ കീടനാശിനികൾ തളിച്ച് കൊടുക്കുക |